Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 01/2023**

# മരിയൻ പ്രാർത്ഥനാ ദിനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അനുഭവത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് വിശുദ്ധ പോൾ ആറാമൻ മാർപാപ്പ 1965-ൽ ആഗോള മെത്രാൻ സിനഡ് സ്ഥാപിച്ചു. സാർവത്രികസഭയുടെ ഭരണത്തിൽ മാർപാപ്പയെ സഹായിക്കാനാണ് സിനഡൽ മെത്രാന്മാർ ഒരുമിച്ചുകൂടുന്നത്. മെത്രാൻ സിനഡിന്റെ 16-ാമത് ജനറൽ അസംബ്ലി 2023 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 29 വരെ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ റോമിൽ നടക്കുകയാണ്. "ഒരുമിച്ചു യാത്രചെയ്യുന്ന സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം" എന്നതാണ് മെത്രാൻ സിനഡിന്റെ വിഷയം.

സിനഡ് പ്രക്രിയയ്ക്ക് മൂന്ന് ഘട്ടങ്ങളാണുള്ളത്. തയ്യാറെടുപ്പ് ഘട്ടം, ചർച്ചയുടെ ഘട്ടം, നടപ്പിലാക്കുന്ന ഘട്ടം. ഇതിനോടകം പൂർത്തിയായ തയ്യാറെടുപ്പ് ഘട്ടത്തിൽ സമഗ്രവും കാര്യക്ഷമവുമായ കൂടിയാലോചനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഒരു പ്രാദേശികസഭ എന്ന നിലയിൽ നമ്മുടെ അതിരൂപതയ്ക്കു കഴിഞ്ഞു എന്നത് സന്തോഷത്തോടെ സ്മരിക്കുന്നു. നമ്മളും മറ്റു പ്രാദേശിക സഭാസമൂഹങ്ങളും സമർപ്പിച്ച വിവരങ്ങൾ മേജർ ആർക്കിഎപ്പിസ്കോപ്പൽ സിനഡൽ തലത്തിലും ഭൂഖണ്ഡതലത്തിലുമുള്ള കൂടിയാലോചനകൾക്കുശേഷം റോമിലെ സിനഡ് സെക്രട്ടേറിയേറ്റിലേക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ചർച്ചകൾ നടക്കുന്നതും സിനഡിന്റെ അന്തിമരേഖ തയ്യാറാക്കുന്നതും ഈ വരുന്ന സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 29 വരെ റോമിൽ നടക്കുന്ന ജനറൽ അസംബ്ലിയിൽ ആണ്. തുടർന്ന്, സിനഡിന്റെ വിവിധ ഘട്ടങ്ങളിൽ സമർപ്പിക്കപ്പെട്ട ആശയങ്ങൾ സ്വാംശീകരിച്ചുകൊണ്ടും അവയെക്കുറിച്ചുള്ള തന്റെ നിഗമനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും മാർപാപ്പ സിനഡാനന്തര അപ്പസ്തോലിക പ്രബോധനം നൽകും. സാർവത്രികതലത്തിലും രൂപതാതലങ്ങളിലും സിനഡ് തീരുമാനങ്ങൾ നടപ്പിലാക്കുന്നതോടെ ആഗോള സിനഡ് പരിസമാപ്തിയിലെത്തും.

നിർണ്ണായകമായ ചർച്ചകൾ നടക്കുന്ന ജനറൽ അസംബ്ലിക്ക് ഒരുക്കമായി 2023 മെയ് 31 ബുധനാഴ്ച കത്തോലിക്കാ സഭയിലാകെ 'മരിയൻ പ്രാർത്ഥനാ ദിനം' ആയി ആചരിക്കാൻ റോമിലെ സിനഡ് സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. സിനഡൽ പ്രക്രിയയുടെ പ്രാധാന്യത്തെക്കുറിച്ച് ദൈവജനത്തെ ഒരിക്കൽക്കൂടി ബോധവാന്മാരാക്കാനും എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കാനും സർവ്വോപരി സിനഡൽ പ്രക്രിയയും പ്രത്യേകിച്ച് ജനറൽ അസംബ്ലിയുടെ പ്രവർത്തനങ്ങളും പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിനു ഭരമേല്പിക്കാനും മരിയൻ പ്രാർത്ഥനാദിനം അവസരമാകും. ഇന്ത്യയുടെ പല ഭാഗങ്ങളിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളുടെയും ക്രൈസ്തവ സ്ഥാപനങ്ങൾക്കും ദേവാലയങ്ങൾക്കും നേരെയുള്ള ആക്രമണങ്ങളുടെയും പശ്ചാത്തലത്തിൽ സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തി

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

ട്ടുണ്ട്. ഇന്ത്യയിലെ സംഘർഷബാധിതമായ പ്രദേശങ്ങളിൽ നീതിയും സമാധാനവും പുലരാൻവേണ്ടി ഭാരതറാണിയായ പരിശുദ്ധ അമ്മയോട് നമുക്ക് മാധ്യസ്ഥ്യം അപേക്ഷിക്കാം.

നമ്മുടെ അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും, പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിലുള്ള ദേവാലയങ്ങളിൽ കൂടുതൽ ആഘോഷത്തോടെയും 2023 മെയ് 31 ബുധനാഴ്ച 'മരിയൻ പ്രാർത്ഥനാ ദിനം' ആയി കൊണ്ടാടണം. അന്നേദിവസം പരിശുദ്ധകുർബാനയ്ക്കുശേഷമോ പരിശുദ്ധകുർബാനയുടെ വാഴ്‌വിന്റെ അവസരത്തിലോ കൊന്തനമസ്കാരത്തിന്റെ അവസാനത്തിലോ ഇതോടൊപ്പം നൽകുന്ന പ്രാർത്ഥന ചൊല്ലേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവം,

+ Andrews Thazhath

ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത്
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ, എറണാകുളം-അങ്കമാലി അതിരൂപത
27/05/2023

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

## റോമിലെ മെത്രാൻ സിനഡിന്റെ പതിനാറാമത് ജനറൽ അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർഥന

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, വാഗ്ദത്തനാട്ടിലേക്കുള്ള യാത്രയിൽ പകൽ മേഘത്തൂണായും രാത്രി അഗ്നിസ്തംഭമായും ഇസ്രായേൽ മക്കളോടുകൂടെ അങ്ങുനടന്നതുപോലെ, പുതിയ ഇസ്രായേലായ സഭയുടെ കൂടെനടന്നു വചനമാകുന്ന വെളിച്ചവും പരിശുദ്ധ കുർബാനയാകുന്ന അഗ്നിയുംനൽകി ഈ കാലഘട്ടത്തിലും സഭയെ സംരക്ഷിക്കുന്നതിനെയോർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. പന്തക്കുസ്താനാളിൽ ശ്ലീഹന്മാരുടെമേൽ ഇറങ്ങിവന്നു അവരെ ശക്തിപ്പെടുത്തുകയും സഹസ്രാബ്ദങ്ങളിലൂടെ സഭയെ പ്രേഷിതദൗത്യനിർവഹണത്തിൽ നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. സെഹിയോൻശാലയിൽ പ്രാർഥിച്ചുകൊണ്ടിരുന്ന ശ്ലീഹന്മാരുടെകൂടെ ആയിരിക്കുകയും അവരെ കൂട്ടായ്മയിൽ ഒന്നിപ്പിക്കുകയുംചെയ്ത പരിശുദ്ധ കന്യാമറിയത്തെപ്പോലെ രക്ഷാപദ്ധതിയിൽ സഭാമക്കളായ ഞങ്ങളെയും സഹകാരികളാക്കണമേ.

ബേത്‌ലഹേമിലേക്കും ഈജിപ്തിലേക്കും നസ്രത്തിലേക്കുമുള്ള ക്ലേശകരമായ യാത്രകളിലും എല്ലാ ജീവിതസാഹചര്യങ്ങളിലും മാർ യൗസേപ്പിതാവിനോടൊപ്പമായിരുന്ന പരിശുദ്ധ മറിയമേ, ക്ലേശങ്ങളുടെയും സഹനങ്ങളുടെയും അവസര

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

ങ്ങളിലും കുടുംബബന്ധങ്ങളുടെ പവിത്രതയും വിശ്വസ്തതയും കാത്തുസൂക്ഷിക്കാൻ ഞങ്ങളെ സഹായിക്കണമേ. ദിവ്യസുതന്റെ കുരിശുയാത്രയിൽ അവിടത്തെ സഹനത്തോട് അവസാനംവരെ ചേർന്നുനിന്ന പരിശുദ്ധ മറിയമേ, ഈശോമിശിഹാ സ്ഥാപിച്ച സഭയെ ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കുന്ന കോട്ടയായി അമ്മ വർത്തിക്കണമേ. ക്രിസ്ത്യാനികളുടെ സഹായമായ മറിയമെ, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡനമേൽക്കുന്ന ക്രൈസ്തവർക്ക് അമ്മ സംരക്ഷണമൊരുക്കണമെ. സംഘർഷമുള്ളിടത്ത് സമാധാനം പുലരാൻ അമ്മ മാധ്യസ്ഥ്യം വഹിക്കണമെ.

തിരുസഭയുടെ മാതാവേ, ഈ കാലഘട്ടത്തിൽ സഭ നേരിട്ടുകൊണ്ടിരിക്കുന്ന എല്ലാ പ്രതിസന്ധികളെയും തരണംചെയ്യാനുള്ള ആത്മീയമായ കരുത്തും ആഴമായ വിശ്വാസവും ശക്തമായ ബോധ്യങ്ങളുംനൽകി സഭാമക്കൾ എല്ലാവരെയും അനുഗ്രഹിക്കണമേ. അതിനായി സഭയിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെയും വിജയിപ്പിക്കണമേ. പ്രത്യേകമായി ഈ വർഷം റോമിൽ നടക്കാനിരിക്കുന്ന മെത്രാൻ സിനഡിന്റെ പതിനാറാമത് ജനറൽ അസംബ്ലിയെ അമ്മയുടെ പ്രത്യേക മാധ്യസ്ഥ്യത്തിനു ഞങ്ങൾ സമർപ്പിക്കുന്നു. മെത്രാൻസിനഡിനു നേതൃത്വം നൽകുന്ന പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പായ്ക്കും സിനഡുസമ്മേളനം സംഘടിപ്പിക്കുന്നവർക്കും ഇതിൽ പങ്കെടുക്കുന്നവർക്കും ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മറ്റെല്ലാവർക്കുംവേണ്ടി അമ്മ അവിടത്തെ പ്രിയ പുത്രന്റെ പക്കൽ നിരന്തരം പ്രാർഥിക്കണമേ. പ്രത്യേകമായി സീറോമലബാർസഭയിൽനിന്ന് ഈ ജനറൽ അസംബ്ലിയിൽ പങ്കെടുക്കുന്ന മേജർ ആർച്ചുബിഷപ്പിനെയും മറ്റു പിതാക്കന്മാരെയും പ്രത്യേകമായി അനുഗ്രഹിക്കണമേ. ആദിമസഭയിൽ ശിഷ്യന്മാരെ ശക്തിപ്പെടുത്തി അവരോടൊപ്പം നടന്ന പരിശുദ്ധ അമ്മേ, സഭയാകുന്ന ഏകശരീരത്തിലെ അംഗങ്ങളെല്ലാവരും സ്വർഗീയ ഓറശ്ലേമിലേക്ക് ഒരുമിച്ചുനടക്കാൻ ഉതകുന്ന നവീകരണം സാധ്യമാക്കാനുള്ള അവസരമായി മെത്രാൻ സിനഡിന്റെ ഈ സമ്മേളനത്തെ അമ്മ ക്രമപ്പെടുത്തണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, പിതാവായ അങ്ങേയ്ക്കും അങ്ങയുടെ പ്രിയ പുത്രനായ ഈശോമിശിഹായ്ക്കും പരിശുദ്ധ റൂഹായ്ക്കും അർപ്പിക്കപ്പെടുന്ന സ്വർഗീയ ആരാധനയിൽ പരിശുദ്ധ അമ്മയോടും മാലാഖമാരോടും സകല വിശുദ്ധരോടുമൊപ്പം സ്തുതിഗീതങ്ങളാലപിക്കാൻ ഞങ്ങൾക്കെല്ലാവർക്കും ഇടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും, ആമ്മേൻ

* * * * *